# കഥയും വ്യാമിശ്രധാരണകളും

## *(കഥയും കഥന-കഥാവശേഷചിന്തകളും)*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc., Ph.D)*

(ഭാഗം-5/5)

**മറ്റു ഭാഗങ്ങളിലേക്കുള്ള ലിങ്കുകൾ**

Part 1: http://emalayalee.com/varthaFull.php?newsId=52015

Part2: http://emalayalee.com/varthaFull.php?newsId=52153

Part3: http://emalayalee.com/varthaFull.php?newsId=52366

Part4: http://emalayalee.com/varthaFull.php?newsId=52508

ഫേസ്ബുക്ക് മെസേജിൽ കണ്ടത്: “ഒരാളുടെ പ്രാധാന്യം നിർണ്ണയിക്കുന്നത് എത്രപേർ അയാളെ അംഗീകരിക്കുന്നുണ്ടോയെന്നു നോക്കിയല്ല, മറിച്ച് എത്രകണ്ട് അസഹിഷ്ണുത മറ്റുള്ളവർ പ്രകടിപ്പിക്കുന്നുവെന്നതിനെ ആശ്രയിച്ചാണ്.” ഞാൻ കൂട്ടിച്ചേർത്തു: “അതിന്റെ പരമകാഷ്ഠയിൽ, ഈ അസഹിഷ്ണുത കുരിശേറ്റലിൽ കലാശിക്കുന്നു.” കഥാരംഗത്ത് ഇത്തരം അസഹിഷ്ണുതാമനോഭാവം, അർത്ഥവത്തായ ചർച്ചയ്ക്കു വഴിതെളിക്കുന്നതിനു പകരം, തൊഴിച്ചും, ചെളിവാരിയെറിഞ്ഞുമുള്ള ആറാട്ടിനു തടാകങ്ങൾ സൃഷ്ടിച്ച/സൃഷ്ടിക്കുന്ന സന്ദർഭങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്.

ഫിക്ഷൻ വായന നമ്മെ മറ്റൊരു ലോകത്തേക്കു നയിക്കുന്നുവെന്ന് പറഞ്ഞല്ലോ. അമർന്നിരുന്നു വായിക്കുന്നവൻ കഥാപാത്രവുമായി താദാന്മ്യം പ്രാപിച്ച്, കുറച്ചു സമയത്തേക്കെങ്കിലും ആ പാത്രത്തിന്റെ സ്വഭാവവിശേഷം അത്മനിൽ തുന്നിച്ചേർക്കുന്നു. സഹൃദയരായ ഫിക്ഷൻ വായനക്കാർ സമൂഹത്തോട് എമ്പതറ്റിക്കായി പെരുമാറാറുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഹൃദയദ്രവീകരണത്തിൽ അവർ ആദ്യം കണ്ട യാചകനു ഭിക്ഷ കൊടുക്കുമത്രെ!

## ചോരണവും, അനുകരണവും, മൗലികരചനയും

മറ്റുള്ളവരുടെ ധിഷണാസമ്പത്ത് വായനയിലൂടെ ഉൾക്കൊണ്ടും സ്വാംശീകരിച്ചും സാഹിത്യസംസ്ക്കാരച്ചങ്ങലയിലെ കണ്ണികളെ കൂടുതൽ ഉറപ്പുള്ള പദാർത്ഥവാഹിനികളാക്കാമെങ്കിലും, അതിലെ ആശയവും രചനാരീതിയും വേരോടെ പറിച്ച്, തന്റെ മറുമൊഴിയാക്കി, പുതിയ ലേബലിൽ വില്പനയ്ക്കു വെയ്ക്കുന്ന രീതി അനുകരണത്തോടടുക്കുന്നു. എന്നാൽ, ഓരോ കൃതിയും പഴമയുടെ

പിന്തുടർച്ചയാണെന്നും മറക്കാനാവില്ല. *<u>പങ്കിട്ട ഏതു രഹസ്യവും രഹസ്യമല്ലാതായിത്തീരുന്നതുകൊണ്ട്, പ്രസിദ്ധീകരിച്ച കൃതിയിലെ അംശം പരസ്യപ്പെടലിലൂടെ ആർക്കും ഉൾക്കൊള്ളാവുന്നതാണ്</u>*.

തികച്ചും മൗലികമായ കൃതികൾ കണ്ടെത്തുക ആയാസപൂർണ്ണമാണ്. അവയിലും പുരാതനകാലം മുതലുള്ള കൃതികളുടെ സ്വാധീനവും, ഒരു പരിധിവരെ അനുകരണവും കാണാവുന്നതാണ്. ആരെയെങ്കിലും "പ്ലേജിറിസ്റ്റ്" എന്ന് അധിക്ഷേപിക്കുകയാണെങ്കിൽ, അത് തെളിയിക്കേണ്ട ധാർമ്മിക ബാദ്ധ്യത അധിക്ഷേപിച്ചവർക്കാണ്, അല്ലാതെ എഴുത്തുകാരനിൽ നിക്ഷിപ്തമല്ല. ശാസ്ത്രരംഗത്ത് തന്റെത്തന്നെ ആശയങ്ങൾ പുതിയതുപോലെ ആവർത്തിക്കുന്നവരെ "സെൽഫ്-പ്ലേജറിസ്റ്റ്" എന്നുള്ള കുറ്റം ചാർത്താറുണ്ട്.

## അവാർഡുകൾ

പ്രവൃത്തി, പ്രതിഫലം, അംഗീകാരം എന്നീ മൂന്നു പടവുകൾ കയറിയാണ് സമൂഹവളർച്ചയുടെ നാരായവേരായ വ്യക്തിവികാസം സംഭവിക്കുന്നത്. അംഗീകാരാദരവുകൾക്കു പിറകെയുള്ള ന്യായവും യുക്തിയും ഇതുത്തന്നെ. നാം എറിയുന്നത് ബൂംറാങ്ങിലെന്നപോലെ നമ്മിലേക്ക് മടങ്ങിവരുന്നു. ഒന്ന് നന്നെന്നു പറഞ്ഞാൽ അത് കൂടുതൽ ലഭിക്കാനോ, കൂടുതൽ ആവശ്യപ്പെടുകയാണെന്ന് തെറ്റിദ്ധരിക്കാനോ ഇടയുണ്ട്—നന്നെന്ന് പറഞ്ഞ ഉപദംശം കൂടുതൽ വിളമ്പിത്തരുന്ന വീട്ടമ്മയെ സ്മരിക്കുക. ഒരാൾക്ക് അംഗീകാരമോ അവാർഡോ കൊടുക്കുമ്പോൾ, വീണ്ടും ഇതുപോലുള്ള ഉല്പന്നങ്ങളുമായിവന്ന് ചിന്തയെ (ചന്തയെയും) ധന്യമാക്കൂ എന്ന് പ്രോത്സാഹിപ്പിക്കുകയാണ്, ഫലത്തിൽ. അതാണ് അർഹതയില്ലാത്ത കൃതികൾക്ക് അംഗീകാരം കൊടുക്കുന്നതിലെ വിപത്ത്! അവാർഡുകൾ "ദാന"മാകുമ്പോഴും "പങ്കിടു"മ്പോഴും നാം ഈ വിപത്തിനെ നേരിടുന്നു.

അവാർഡുകളുടെ വലുപ്പം കൂടുംതോറും, പൊതുവെ, തിരഞ്ഞെടുക്കുന്ന കൃതിയെക്കുറിച്ച് അധികം പരാതി കേൾക്കാറില്ല. എന്നാൽ, ചെറുവക അവാർഡുകളെക്കുറിച്ച് കൂടുതൽ ആരോപണം ഉയരാറുണ്ട്. അതുപോലെ, അർഹതയ്ക്കു അംഗീകാരം കൊടുക്കാതെ, യഥാർത്ഥ കഴിവിനെയും സംഭാവനയെയും മറച്ച്, തലതിരിഞ്ഞ രീതിയിൽ എഴുത്തുകാരെ വിലയിരുത്തുന്നത്, സാമൂഹ്യപുരോഗതിക്ക് തടയിടുന്നതിനു തുല്യമാണ്. പത്രപ്രവർത്തകന് നിരൂപണകേസരി ബിരുദവും, നിരൂപകനു പത്രപ്രവർത്തനത്തിനുള്ള അവാർഡും കൊടുക്കുന്നതിലെ അനീതിയും ദുരന്തവും ഇങ്ങനെയാണ് നോക്കിക്കാണേണ്ടത്. രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നതിനു പകരം, നിരൂപകക്കുപ്പായം അണിഞ്ഞ ചിലർ, കള്ളപ്പേരിൽ ഗ്രൂപ്പിലുള്ളവരെ പുകഴ്ത്തിയും അപരരെ ഇകഴ്ത്തിയും കമന്റെന്ന പേരിൽ അഭിപ്രായം എഴുതുന്നത് പത്രാധിപന്മാർ തടയേണ്ടതാണ്. യഥാർത്ഥ നാമമാണോയെന്ന് തീരുമാനിക്കാൻ, അഭിപ്രായക്കാരന്റെ ഫോൺ നമ്പർ (വിലാസം?) ആവശ്യപ്പെടേണ്ടതും, വേണ്ടിവന്നാൽ പരിശോധനയ്ക്കായി "തിരിച്ചറിയൽ പരേഡ്" നടത്തേണ്ടതുമാണ്.

വായനക്കാരും നിരൂപകരും പ്രായാധിക്യത്താൽ ഉണ്ടായേക്കാവുന്ന തങ്ങളുടെ ചക്രവാളം ചുരുങ്ങുന്നത് തടഞ്ഞ്, മനസ്സിന്റെ വാതായനങ്ങൾ തുറന്ന്, ഇരുവശവും തുറന്ന കുഴലായി മാറുകയാണ് വേണ്ടത്. പത്രാധിപന്മാർ വെറും അച്ചുനിരത്തുകാരാകുന്നതിനു പകരം, വിവേകമുള്ള, തരംതിരിവെന്ന വകതിരിവുള്ള, നന്മതിന്മയുടെ കനി വിവേചിച്ചറിഞ്ഞ് രുചിക്കാൻ കൊടുക്കണം. എഴുത്തുകാരന്റെ പേരുനോക്കി വായിക്കുന്ന വായനക്കാരുണ്ടാകാമെങ്കിലും, അപ്രകാരം കൃതികൾ തിരഞ്ഞെടുക്കുന്ന പത്രാധിപന്മാർ ഉണ്ടായിക്കൂടാ. നിരൂപകർ, അനുകൂല അനുസ്വരം കുരയാക്കുന്ന, തീറ്റികൊടുത്തു വളർത്തുന്ന കടിനായ്ക്കളുമായിക്കൂടാ! കാടടക്കം വെടിവെച്ച് എല്ലാ തൂവ്വൽപ്പക്ഷികളേയും പറപ്പിച്ചുകളയുന്ന വേട്ടക്കാരുമാകരുത്.

വായനക്കാരുടെ ആവശ്യമനുസരിച്ച് പ്രസിദ്ധീകരണങ്ങളെ പരുവപ്പെടുത്തുന്നവർ നിരവധി. വായനാഭിരുചി അഭിവൃദ്ധിപ്പെടുത്താൻ വിഭവങ്ങൾ വിളമ്പുന്ന സാഹിത്യമാസികകൾ ചുരുക്കംമാത്രം.

വിവരശേഖരണത്തിനു വേണ്ടിയല്ല സാഹിത്യകൃതികൾ വായിക്കുന്നത്, പ്രത്യേകിച്ചും ഇക്കാലത്ത്. അതിനു വാർത്താമാദ്ധ്യമങ്ങൾ ധാരാളം. സർഗ്ഗാനുഭൂതിയും ഉൾക്കാഴ്ചയുമുള്ള ജീവിത വീക്ഷണവും നിരീക്ഷണവും ദർശനവുമാണ് കൃതികളിൽ പ്രതീക്ഷിക്കുന്നത്.

സാഹിത്യകൃതികൾക്കു പ്രതിഫലം കൊടുക്കേണ്ടതുണ്ടോയെന്നത് ഒരു ചർച്ചാവിഷയമേയല്ല. വിശ്രമത്തിനും ഉല്ലാസത്തിനും പണം ചെലവിടുന്ന അതേ അളവുകോൽ സാഹിത്യത്തിനും ബാധകമാണ്. സാഹിതീ"സേവന"മെന്ന പ്രയോഗംതന്നെ ഒരു കെണിയാണ്. ഏതൊരു ഉല്പന്നംപോലേയും, സാഹിത്യകൃതിയും കച്ചവടമത്സരത്തിനു വിധേയമാകുമ്പോൾ നിലവാരം താനേ വർദ്ധിക്കും.

## വീണ്ടും നിരൂപകധർമ്മം/പത്രധർമ്മം

സശ്രദ്ധവായനയിലൂടെ, സധൈര്യ അഭിപ്രായരൂപീകരണവും പ്രകടനവും നടത്തേണ്ടത് നിരൂപകധർമ്മമാണ്.

കഥയെ വിലയിരുത്തൽ വളരെ ശ്രമകരമായ പ്രവർത്തിയാണ്. ആയിരക്കണക്കിനു കഥകളിൽനിന്ന് ഏറ്റവും നല്ല പത്തെണ്ണം തിരഞ്ഞെടുക്കലും, സർവ്വോപരി, അതിനുള്ള കാരണങ്ങൾ കുറിക്കലും ചുരുക്കം പേർക്കുമാത്രം അനുഷ്ഠിക്കാൻ കഴിയുന്ന കർമ്മമാണ്. "കഥ" എന്ന ഇംഗ്ളീഷ് പ്രസിദ്ധീകരണത്തിന്റെ എഡിറ്റർക്ക് പ്രതിവർഷം ഇരുപതിനായിരത്തിലധികം കൃതികൾ വായിച്ചു വിലയിരുത്തേണ്ടതുണ്ടത്രെ! "ന്യൂ യോർക്കർ" ആഴ്ചപ്പതിപ്പിൽ, പ്രതിവാരം അഞ്ഞൂറിലധികം കഥകൾ പരിഗണനയ്ക്കു ലഭിക്കാറുണ്ടെന്നും കേൾക്കുന്നു.

രൂപവും, ഘടനയും, ഭാവവും, പാത്രസൃഷ്ടിയും നൂതനത്വവും കണക്കിലെടുത്ത് അതിന്റെ ഗുണവും തൂക്കവും രേഖപ്പെടുത്തേണ്ടി വരുമ്പോൾ, ഒഴുക്കൻമട്ടിൽ

“ഇഷ്ടായി, ഇഷ്ടായില്ല” എന്ന് പറയുന്നതിലുപരി, കാരണംകാണിക്കലും പ്രധാനാംശമായി മാറുന്നു. നല്ല കഥയുടെ ലക്ഷണവും ലക്ഷ്യവും തിരയേണ്ടിവരിക അപ്പോഴാണ്. എഴുത്തുകാരന്റെ പേരുമറച്ചുള്ള അന്ധവായനയാണ് നമുക്കുവേണ്ടത് – *കഥയാണ്, കഥാകാരനല്ല വലുതെന്ന ബോധം; കൃതിയെയാണ്, കർത്താവിനെയല്ല പരിഗണിക്കേണ്ടതെന്ന ചിന്ത*; കാഥികന്റെ ഭൂതകാലം കണക്കിലെടുക്കാതേയുള്ള വിധിനിർണ്ണയം. ആളും അടുപ്പവും അർത്ഥവും നോക്കി മൂല്യനിർണ്ണയം നടത്തി പീഠത്തിൽ അവരോധിക്കുന്ന പല കൃതികളും, പിന്നീട് അർത്ഥരഹിതമെന്നോ ഊതിവീർപ്പിച്ചതെന്നോ വിലയിരുത്തപ്പെടുന്നു. നിരൂപകരുടെ അതിരുകവിഞ്ഞ ആത്മനിഷ്ഠതയുടെ ജാരസന്തതികൾ മറക്കപ്പെടുന്നു. എന്നാൽ, പുനർവായനയിൽ പ്രസിദ്ധമാകുന്ന കൃതികളുമുണ്ട്.

## പ്രശസ്തിയുടെ പടവുകൾ

കഥാകാരൻ പ്രശസ്തനാകുന്ന വഴികൾ സങ്കീർണ്ണമാണ്. അടുപ്പവും സുഹൃത്-ബന്ധുബലവും കൃതിയുടെ പ്രസിദ്ധീകരണത്തിനു ഹേതുവാകാറുണ്ട്. ലോട്ടറിടിക്കറ്റ് എടുക്കാത്തവർക്ക് ഭാഗ്യനിർണ്ണയത്തിൽ പങ്കില്ലാത്തപോലെ, പത്രാധിപന്റെ കണ്ണിൽപ്പെടാത്ത കൃതികൾക്ക് അച്ചടിമഷിയെപ്പറ്റി ചിന്തിക്കാനേ കഴിയില്ലല്ലോ. “പത്രാധിപരുടെ ചവറ്റുകൊട്ട” എന്ന പഴയ പ്രയോഗം ചീത്ത അർത്ഥത്തിലും ആകാം.

ശുപാർശാക്കത്തുകൾ എപ്പോഴും അസ്ഥാനത്താവണമെന്നില്ല. ശുപാർശ ചെയ്യുന്ന കൃതി “എഴുതിയത് ഈ വ്യക്തി തന്നെയാണ്” എന്ന സാക്ഷ്യപ്പെടുത്തലിനുപരി പ്രാധാന്യം അത്തരം കത്തുകൾക്കുണ്ടായിക്കൂടാ. “കുപ്പയിലെ മാണിക്യത്തെ തിരിച്ചറിയാനുള്ള ഒരു ഉപാധിയായി ഈ ശുപാർശയെ കണക്കാക്കുക” എന്ന ഏറ്റുപറച്ചിലാകണം ഈ കത്തുകളുടെ ഉദ്ദേശ്യം. അല്ലാതെ, അഭിപ്രായരൂപീകരണത്തെ സ്വാധീനിക്കാനാവരുത്. കൃതിയുടെ മൂല്യനിർണ്ണയവേളയിൽ പത്രാധിപരെ അലട്ടാറുള്ള ഒരു സങ്കടം, ആ കൃതി പുതിയ ഒരു സൃഷ്ടിയോയെന്ന ധാർമ്മികപ്രശ്നമാണ്. ഐൻസ്റ്റൈന്റെ പോലും മഹത്തായ ആദ്യ ശാസ്ത്രലേഖനങ്ങൾ ശുപാർശാക്കത്തോടെയാണ് അയച്ചത്.

## മൂല്യനിർണ്ണയം, വായനാലോകം

യഥാർത്ഥ മൂല്യനിർണ്ണയം ആപേക്ഷികമെങ്കിലും, നല്ല കൃതികൾ പ്രസിദ്ധീകരിച്ച് പത്രത്തിന്റേയും വായനക്കാരുടെയും നിലവാരം ഉയർത്താൻ കഴിയും. പ്രശസ്തിയുടെ പടവുകൾ കയറുന്ന പലരും, ചരടുവലികൾക്കും ഉപജാപകർമ്മങ്ങൾക്കും, നിശബ്ദമായും ബോധപൂർവ്വവും പിന്തുണച്ച് തലയാട്ടുന്നവരാണെന്ന ആരോപണം ചിലപ്പോഴെങ്കിലും കേൾക്കാറുണ്ട്. *അവിഹിത മാർഗ്ഗങ്ങളിലൂടെ നേട്ടം കൈവരിക്കുന്നവർ, അവരുടെത്തന്നെ വിജയം ആസ്വദിക്കുന്നില്ലെന്നതാണ് സത്യം*. പൊതുജനത്തിന്റെ പുച്ഛം അത്തരം നേട്ടങ്ങളുടെ തിളക്കം കൂടുതൽ കുറയ്ക്കുകയും ചെയ്യുന്നു. പ്രശസ്തരായ ശിഷ്യരുള്ള

അദ്ധ്യാപകർ പലപ്പോഴും ശിഷ്യസമ്പത്തിന്റെ ശക്തിയിൽ പടവുകൾ കയറുന്നത് എല്ലാ രംഗങ്ങളിലും സ്ഥിരം കാഴ്ചയാണ്.

എല്ലാതരം കഥകൾക്കും അതിന്റേതായ സ്ഥാനമുണ്ടെന്നതാണ് സത്യം; എന്തെന്നാൽ, വിവിധ തട്ടുകളിലുള്ള വായനക്കാരെ തൃപ്തിപ്പെടുത്തേണ്ടതുണ്ട്. കുട്ടികളും യുവാക്കളും സ്ത്രീകളും വൃദ്ധരും ബുദ്ധിമാന്മാരും പ്രൊഫഷണൽസും ഈശ്വരവിശ്വാസികളും നിരീശ്വരരും വിപ്ലവകാരികളും ബൂർഷ്വകളും അടങ്ങുന്നതാണല്ലോ വായനാസമൂഹം. "ദരിദ്ര"വായനയും "ധനിക"വായനയുമുണ്ടെന്നുള്ളതുകൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നത്. പാവപ്പെട്ടവരുടെ വേശ്യയെക്കുറിച്ചും, പഞ്ചനക്ഷത്ര വ്യഭിചാരത്തെക്കുറിച്ചും കഥ ജനിക്കുന്നതിന്റെ കാരണവും ഇതുതന്നെ. അവയ്ക്കെല്ലാം തട്ടുകളനുസരിച്ച് ആസ്വാദകരും അനുവാചകരും ഉണ്ടാകും.

## അമേരിക്കയിലെ മലയാളകഥകൾ

ലോകസാഹിത്യം ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന അമേരിക്കയിലിരുന്ന്, ഇവിടത്തെ മലയാള കഥകളെ പരാമർശിക്കാതെ ഈ ലേഖനശൃംഖല മുറിക്കുന്നതു ശരിയല്ലെന്നു തോന്നുന്നു. പൊതുവെ പറഞ്ഞാൽ, അമേരിക്കയിലെ കഥാശാഖ ശുഷ്ക്കമാണ്—പ്രത്യേകിച്ചും കവിതകളുമായി താരതമ്യം ചെയ്യുമ്പോൾ. കൂട്ടത്തിൽ മികച്ചു നിൽക്കുന്നത്, ചില കഥാകാരന്മാരെ മാറ്റി നിറുത്തിയാൽ, എന്തുകൊണ്ടോ, ഇവിടത്തെ കഥാകാരികളാണ്. നാളിതുവരെയുള്ള എല്ലാ എഴുത്തുകാരുടെയും കൃതികൾ സമഗ്രമായ പഠനത്തിനു വിധേയമാക്കാതെ, പേരെടുത്തു പ്രശംസിക്കുന്നതോ അധിക്ഷേപിക്കുന്നതോ അവിവേകമെന്നു വിശ്വസിക്കുന്നതുകൊണ്ട് അതിനു മുതിരുന്നില്ല.

അമേരിക്കയിലെ മലയാളകഥകളിൽ ഭൂരിഭാഗവും സംഭവകഥ വിവരിക്കുന്ന രീതി അനുവർത്തിക്കുന്നു. അനായാസമായി കഥയൊഴുകണമെങ്കിലും, ശില്പസൗന്ദര്യമുള്ള കഥയെഴുത്ത് അത്ര എളുപ്പമല്ല. മിനുക്കുപണികൾ നടത്താതെ കഥകൾ പ്രസിദ്ധീകരിക്കാൻ തയ്യാറാവരുത്. ശില്പസൗന്ദര്യവും ബൗദ്ധികാനന്ദദായകത്വവും കഥയുടെ ആയുസ്സ് കൂട്ടുകമാത്രമേയുള്ളു.

ശ്രീ. ജോർജ്ജ് മണ്ണിക്കരോട്ടിന്റെ "അമേരിക്കൻ മലയാള സാഹിത്യ ചരിത്ര"വും, ഈയിടെ പ്രസിദ്ധീകരിച്ച ശ്രീ. സുധീർ പണിക്കവീട്ടിലിന്റെ "പയേറിയയിലെ പനിനീർപൂക്കൾ" എന്ന വിമർശന ഗ്രന്ഥവും, കഥാകൃത്തുക്കൾ ഉൾപ്പെടെയുള്ള എഴുത്തുകാരുടെ ഊരും പേരും ഗ്രന്ഥവിവരവും നൽകുന്നുണ്ട്. ഇവയുടെ പൂർണ്ണതയും ആധികാരികതയും വിലയിരുത്താൻ ഇവിടത്തെ പഴമക്കാർക്കേ കഴിയൂ.

എന്തായാലും, തിരക്കിന്നിടയിലും, ഭാഷാപ്രേമം നിലനിറുത്താനും ചർച്ചകൾ നടത്താനും തയ്യാറാകുന്ന, സാഹിത്യരംഗത്ത് പ്രവർത്തിക്കുന്ന, ഇവിടത്തെ വ്യക്തികളേയും സംഘടനകളേയും ശ്ലാഘിക്കാതിരിക്കാൻ നിർവ്വാഹമില്ല. റിട്ടയർമെന്റ്

സാഹിത്യകാരന്മാരെന്നും, പടം അച്ചടിച്ചുകാണാൻ എഴുതുന്നവരെന്നും, വെളിച്ചപ്പെടാൻ വാളന്വേഷിക്കുന്നവരെന്നും എഴുത്തുകാർക്കെതിരായി ആക്ഷേപഹാസ്യസ്വരം ഉയരാറുണ്ടെങ്കിലും, മുറിയുടെ വാതിലടച്ച്, ഉൾവലിഞ്ഞ്, അക്ഷരസേവയ്ക്കായി തെല്ലുസമയം വിനിയോഗിക്കുന്ന ഇവരെ, പൂജിച്ചില്ലെങ്കിലും പുച്ഛിക്കാതിരിക്കുകയാണ് വേണ്ടത്.  യഥാർത്ഥ പ്രതിഭയില്ലാത്തവർ താനേ പിൻവലിഞ്ഞുകൊള്ളും!

## സമാപനം ഉദ്ധരിണിയിലൂടെ

ഓസ്ക്കാർ വൈൽഡിന്റെ ചില പഴയ-പുതിയ ചിന്തകൾ ഉദ്ധരിച്ച് ഈ ലേഖനപരമ്പരയ്ക്കു അവസാനം കുറിക്കുന്നു:

❖ "കലയുടെ വളർച്ച വിലയിരുത്തുമ്പോൾ ജനം ആ രാജ്യത്തെ ഇതിഹാസ കൃതികളെ ഉരക്കല്ലാക്കുന്നു.  ഇതിഹാസങ്ങൾക്ക് അവർ ആധികാരിക പരിവേഷം കൊടുക്കുന്നു.  ഈ സമീപനം കലാസൗന്ദര്യ പ്രകടനത്തെ തടഞ്ഞു നിർത്തുന്നു."

❖ "എന്തു കൊണ്ട് മറ്റുള്ളവരേപ്പോലെ എഴുതുന്നില്ലാ എന്ന് അവർ എഴുത്തുകാരനോടും ചിത്രകാരനോടും ചോദിക്കുന്നു. എഴുത്തുകാരനും ചിത്രകാരനും അപ്രകാരം ചെയ്താൽ കലാകാരന്മാരല്ലാതായി തീരുമെന്ന സത്യം അവർ മറക്കുന്നു."

❖ "സൗന്ദര്യത്തിന്റെ പുതിയ മുഖങ്ങൾ അവർക്കറപ്പാണ്.  തുടർന്നുള്ള ദേഷ്യവും അന്ധാളിപ്പും അവർ പ്രദർശിപ്പിക്കുക രണ്ടു പദാവലികളിലൂടെയാണ്:  ഈ കല ദുർഗ്രാഹ്യമാണ്; ഈ കല അസന്മാർഗ്ഗികമാണ്.  അവർ അർത്ഥമാക്കുന്നത് ഇതായിരിക്കണം:  ദുർഗ്രാഹ്യമെന്നാൽ, കലാകാരൻ നവ സൗന്ദര്യമുള്ളതെന്തോ ഒന്ന് സൃഷ്ടിച്ചെന്നർത്ഥം/പറഞ്ഞെന്നർത്ഥം; അസന്മാർഗ്ഗികമെന്നാൽ കലാകാരൻ പുതുമോടിയുള്ള, സത്യസുതാര്യമായ എന്തോ ഒന്ന് സൃഷ്ടിച്ചെന്നർത്ഥം/പറഞ്ഞെന്നർത്ഥം."

## (അവസാനിച്ചു)

*************************************************************************************